**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2014 - പഞ്ചായത്തുകളുടെ വിഹിതവും എക്സിബിഷനിൽ വികസനമാതൃകകൾ പ്രദർശിപ്പിക്കുന്നതിനുള്ള ചെലവും തനതുഫണ്ടിൽനിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

===================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം. **139/2014**/തസ്വഭവ     തിരുവനന്തപുരം, തീയതി, **17.01.2014**

===================================================================

പരാമർശം: 1. സർക്കാർ ഉത്തരവ് (കൈ) നം.03/2014/തസ്വഭവ, തീയതി 01.01.2014

2. പഞ്ചായത്ത് ഡയറക്ടറുടെ 16.01.2014-ലെ ജി2-43000/2013 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2014 ഫെബ്രുവരി 19-ന് കോട്ടയത്ത് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ ഭംഗിയായ നടത്തിപ്പിനായി കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് 10,000/- രൂപ വീതവും മറ്റ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്ക് 7,500/- രൂപ വീതവും തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ജനറൽ കൺവീനറായ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ സംഭാവനയായി നൽകുന്നതിനും ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 30,000/- രൂപ വരെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. 2014 ഫെബ്രുപവരി 19-ന് കോട്ടയത്ത് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ ഭംഗിയായ നടത്തിപ്പിനായി കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് 10,000/- രൂപ വീതവും മറ്റ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്ക് 7,500/- രൂപ വീതവും അവരവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും ജനറൽ കൺവീനറായ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ സംഭാവനയായി നൽകുന്നതിനും ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 30,000/- രൂപ വരെ അവരവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം. ഷാഹുൽ ഹമീദ്**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ